# പതിനഞ്ചാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

<u>2025 ഒക്ടോബർ 9, വ്യാഴം</u>

**നമ്പർ 191**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

<u>ചോദ്യങ്ങൾ</u> :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.]

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) വേമ്പനാട് കായലിലെ രജിസ്ട്രേഷൻ ഇല്ലാത്ത ഹൗസ് ബോട്ടുകളുടെ സഞ്ചാരത്തിലേയ്ക്കും ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടക്കാത്തത് കാരണമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളിലേയ്ക്കും ശ്രീ. തോമസ് കെ. തോമസ് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് വേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

[പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ശ്രദ്ധ ക്ഷണിക്കൽവേളയുടെ തുടർന്നുള്ള നടപടികൾ അൽപ്പ സമയത്തേക്ക് നിർത്തി വയ്ക്കുന്നതായി സ്പീക്കർ സഭയെ അറിയിച്ചു]

(സഭാ നടപടികൾ പുനരാരംഭിക്കുകയും പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധം തുടരുകയും ചെയ്തു)

(ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ മുദ്രാവാക്യം വിളിക്കുകയും തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽനിന്നിറങ്ങിപ്പോകുകയും ചെയ്തു. )

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

KNPP.1331/2025.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. ജോബ് മൈക്കിൾ | ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് കോടതി | മുഖ്യമന്ത്രിക്ക് വേണ്ടി തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. വി. സുമേഷ് | കല്ലരിക്കടവ് പാലം നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ - എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. പി. മോഹനൻ | പാനൂർ താലൂക്ക് ആശുപത്രിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി | റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5. | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | എരുമേലി തെക്ക് വില്ലേജിൽ വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടി | റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6. | ശ്രീ. കെ. പ്രേംകുമാർ | സിവിൽ കരാറുകാർ വയറിംഗ് ജോലി ചെയ്യുന്നത് സംബന്ധിച്ച് | വൈദ്യുതി വകുപ്പുമന്ത്രി |
| 7. | ശ്രീ. എം. നൗഷാദ് | കൊല്ലം വികസന അതോറിറ്റിയെ കൊല്ലം കോർപ്പറേഷനിൽ ലയിപ്പിച്ച നടപടി | തദ്ദേശ സ്വയംഭരണ - എക്സൈസ്- പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 8. | ശ്രീ. എ. പ്രഭാകരൻ | കേന്ദ്ര കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്(ഫസൽ ഭീമ യോജന) പദ്ധതി | കൃഷി വകുപ്പുമന്ത്രി |
| 9. | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി തേങ്ങയിൽനിന്നും അത്രർ ഒളോർ മാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ | കൃഷി വകുപ്പുമന്ത്രി |
| 10. | ശ്രീ. വി. കെ. പ്രശാന്ത് | ഡേ കെയർ സെന്റർ, ഷോർട്ട് സ്റ്റേ ഹോം എന്നിവ സാധ്യമാക്കൽ | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 11. | ശ്രീ. ടി. പി. രാമകൃഷ്ണൻ | ചുമട്ട് തൊഴിലാളികളുടെ ജോലി സംരക്ഷണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി |
| 12. | ശ്രീ. എ. സി. മൊയ്തീൻ | കുന്ദംകുളം ജംഗ്ഷൻ വികസനവും കുന്ദംകുളം മുനിസിപ്പാലിറ്റി റിംഗ് റോഡ് വികസനവും | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് വേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 13. | ശ്രീ. എ. രാജ | മൂന്നാർ-വട്ടവട റോഡിന്റെയും മൂന്നാർ-മറയൂർ-ചിന്നാർ റോഡിന്റെയും വീതികൂട്ടൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് വേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 14. | ശ്രീ. ആന്റണി ജോൺ | തങ്കളം കാക്കനാട് നാലുവരി പാത | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് വേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ മറുപടികൾ മേശപ്പുറത്ത് വച്ചു

<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു

i) ചട്ടം 166(1) പ്രകാരമുള്ള മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1. | 906/2025 | ജി.ഒ.(ആർ.ടി.)നം.2794/2025/ഹോം | 14-8-2025 |
| 2. | 962/2025 | ജി.ഒ.(എം.എസ്.)നം.159/2025/ഹോം | 24-8-2025 |
| 3. | 974/2025 | ജി.ഒ.(ആർ.ടി.)നം.2966/2025/ഹോം | 26-8-2025 |
| 4. | 977/2025 | ജി.ഒ.(ആർ.ടി.)നം.2948/2025/ഹോം | 25-8-2025 |
| 5. | 999/2025 | ജി.ഒ.(എം.എസ്.)നം.160/2025/ഹോം | 25-8-2025 |
| 6. | 1004/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 7. | 1005/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |

| | 2) | (3) | (4) |
|---|---|---|---|
| | 1006/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 9. | 1007/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 10. | 1008/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 11. | 1009/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 12. | 1010/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 13. | 1011/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 14. | 1012/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 15. | 1013/2025 | ജി.ഒ.(എം.എസ്.)നം.170/2025/ഹോം | 1-9-2025 |
| 16. | 1014/2025 | ജി.ഒ.(എം.എസ്.)നം.161/2025/ഹോം | 26-8-2025 |
| 17. | 1033/2025 | ജി.ഒ.(ആർ.ടി.)നം.3092/2025/ഹോം | 9-9-2025 |
| 18. | 1041/2025 | ജി.ഒ.(ആർ.ടി.)നം.3093/2025/ഹോം | 9-9-2025 |
| 19. | 1053/2025 | ജി.ഒ.(ആർ.ടി.)നം.3177/2025/ഹോം | 16-9-2025 |
| 20. | 1074/2025 | ജി.ഒ.(ആർ.ടി.)നം.3178/2025/ഹോം | 16-9-2025 |
| 21. | 1080/2025 | ജി.ഒ.(എം.എസ്.)നം.176/2025/ഹോം | 19-9-2025 |
| 22. | 1089/2025 | ജി.ഒ.(എം.എസ്.)നം.175/2025/ഹോം | 19-9-2025 |
| 23. | 52/2022 | 1525614/ഐ.ടി.എസ്.എഫ്.2/2020-ഫിൻ. | 3-1-2022 |
| 24. | 940/2025 | ജി.ഒ.(പി)നം.134/2025/ടാക്സസ് | 20-8-2025 |
| 25. | 953/2025 | ജി.ഒ.(പി)നം.135/2025/ടാക്സസ് | 23-8-2025 |

| (1) | (2) | (3) | (4) |
|---|---|---|---|
| 26. | 960/2025 | ജി.ഒ.(പി)നം.136/2025/ടാക്സസ് | 23-8-2025 |
| 27. | 1060/2025 | ജി.ഒ.(പി)നം.143/2025/ടാക്സസ് | 17-9-2025 |
| 28. | 1061/2025 | ജി.ഒ.(പി)നം.146/2025/ടാക്സസ് | 17-9-2025 |
| 29. | 1062/2025 | ജി.ഒ.(പി)നം.145/2025/ടാക്സസ് | 17-9-2025 |
| 30. | 1063/2025 | ജി.ഒ.(പി)നം.148/2025/ടാക്സസ് | 17-9-2025 |
| 31. | 1064/2025 | ജി.ഒ.(പി)നം.144/2025/ടാക്സസ് | 17-9-2025 |
| 32. | 1065/2025 | ജി.ഒ.(പി)നം.150/2025/ടാക്സസ് | 17-9-2025 |
| 33. | 1066/2025 | ജി.ഒ.(പി)നം.149/2025/ടാക്സസ് | 17-9-2025 |
| 34. | 1090/2025 | ജി.ഒ.(പി)നം.159/2025/ടാക്സസ് | 20-9-2025 |
| 35. | 1091/2025 | ജി.ഒ.(പി)നം.160/2025/ടാക്സസ് | 20-9-2025 |
| 36. | 842/2025 | ജി.ഒ.(പി)നം.227/2025/ആർ.ഡി. | 24-6-2025 |
| 37. | 1050/2025 | സ.ഉ.(അച്ചടി)നം.364/2025/റവ. | 12-9-2025 |
| 38. | 26/2020 | ജി.ഒ.(പി)നം.31/2019/ഡബ്ല്യു.ആർ.ഡി. | 27-11-2019 |
| 39. | 487/2020 | G. O. (P.) No. 15/2020/WRD. | 7-8-2020 |
| 40. | 927/2021 | ജി.ഒ.(പി)നം.29/2021/ഡബ്ല്യു.ആർ.ഡി. | 4-12-2021 |
| 41. | 221/2022 | ജി.ഒ.(പി)നം.9/2022/ഡബ്ല്യു.ആർ.ഡി. | 9-3-2022 |
| 42. | 156/2023 | ജി.ഒ.(പി)നം.1/2023/ഡബ്ല്യു.ആർ.ഡി. | 27-1-2023 |
| 43. | 215/2023 | ജി.ഒ.(പി)നം.3/2023/ഡബ്ല്യു.ആർ.ഡി. | 14-2-2023 |

| (1) | (2) | (3) | (4) |
|---|---|---|---|
| 44. | 1297/2023 | ജി.ഒ.(പി)നം.27/2023/ഡബ്ല്യു.ആർ.ഡി. | 30-11-2023 |
| 45. | 1049/2025 | സ.ഉ.(അച്ചടി) നമ്പർ.19/2025/വനം | 21-8-2025 |
| 46. | 927/2025 | ജി.ഒ.(പി)നം.14/2025/ലോ | 14-8-2025 |
| 47. | 997/2025 | സ.ഉ.(അച്ചടി)നമ്പർ 51/2025/വ്യവ. | 26-8-2025 |
| 48. | 1038/2025 | സ.ഉ.(അച്ചടി)നമ്പർ 52/2025/വ്യവ. | 29-8-2025 |
| 49. | 1042/2025 | ജി.ഒ.(പി)നം.54/2025/ഐ.ഡി. | 10-9-2025 |
| 50. | 1048/2025 | സ.ഉ.(അച്ചടി)നമ്പർ53/2025/വ്യവ. | 1-9-2025 |
| 51. | 1081/2025 | ജി.ഒ.(പി)നം.57/2025/ഐ.ഡി. | 18-9-2025 |
| 52. | 891/2025 | ജി.ഒ.(പി)നം.132/2025/ടാക്സസ് | 5-8-2025 |
| 53. | 907/2025 | സ.ഉ.(അച്ചടി)നമ്പർ 47/2025/ത.സ്വ.ഭ.വ. | 15-8-2025 |
| 54. | 910/2025 | സ.ഉ.(അച്ചടി)നമ്പർ 46/2025/ത.സ്വ.ഭ.വ. | 14-8-2025 |
| 55. | 998/2025 | ജി.ഒ.(പി)നം.114/2025/കോ-ഓപ്പ് | 25-8-2025 |
| 56. | 1023/2025 | ജി.ഒ.(പി)നം.115/2025/കോ-ഓപ്പ് | 8-9-2025 |
| 57. | 1031/2025 | ജി.ഒ.(പി)നം.116/2025/കോ-ഓപ്പ് | 8-9-2025 |
| 58. | 1044/2025 | ജി.ഒ.(പി)നം.119/2025/കോ-ഓപ്പ് | 10-9-2025 |
| 59. | 983/2025 | സ.ഉ.(അച്ചടി)നം.12/2025/സാ.നീ.വ. | 26-8-2025 |
| 60. | 689/2025 | ജി.ഒ.(പി)നം.57/2025/എൽ.ബി.ആർ. | 13-6-2025 |
| 61. | 913/2025 | ജി.ഒ.(പി)നം.77/2025/എൽ.ബി.ആർ. | 13-8-2025 |

| (1) | (2) | (3) | (4) |
|---|---|---|---|
| 62. | 993/2025 | ജി.ഒ.(പി)നം.80/2025/എൽ.ബി.ആർ. | 27-8-2025 |
| 63. | 1045/2025 | ജി.ഒ.(പി)നം.79/2025/എൽ.ബി.ആർ. | 26-8-2025 |
| 64. | 439/2020 | ജി.ഒ.(പി)നം.4/2020/എസ്.സി.എസ്.ടി.ഡി.ഡി. | 17-6-2020 |
| 65. | 570/2020 | ജി.ഒ.(പി)നം.6/2020/എസ്.സി.എസ്.ടി.ഡി.ഡി. | 27-8-2020 |
| 66. | 1002/2025 | സ.ഉ.(അച്ചടി)നം.15/2025/ഡി.ഡി. | 1-9-2025 |
| 67. | 1015/2025 | ജി.ഒ.(പി)നം.16/2025/ഡി.ഡി. | 1-9-2025 |
| 68. | 1028/2025 | ജി.ഒ.(പി)നം.18/2025/ഡി.ഡി. | 8-9-2025 |
| 69. | 1029/2025 | ജി.ഒ.(പി)നം.19/2025/ഡി.ഡി. | 8-9-2025 |
| 70. | 1030/2025 | ജി.ഒ.(പി)നം.20/2025/ഡി.ഡി. | 8-9-2025 |
| 71. | 1032/2025 | ജി.ഒ.(പി)നം.17/2025/ഡി.ഡി. | 2-9-2025 |
| 72. | 691/2022 | ജി.ഒ.(പി)നം.24/2022/എച്ച്&എഫ്.ഡബ്ല്യു.ഡി. | 18-6-2022 |
| 73. | 729/2022 | ജി.ഒ.(പി)നം.39/2022/എച്ച്&എഫ്.ഡബ്ല്യു.ഡി. | 18-7-2022 |
| 74. | 859/2022 | ജി.ഒ.(പി)നം.49/2022/എച്ച്&എഫ്.ഡബ്ല്യു.ഡി. | 1-9-2022 |
| 75. | 1017/2022 | ജി.ഒ.(പി)നം.55/2022/എച്ച്&എഫ്.ഡബ്ല്യു.ഡി. | 18-10-2022 |
| 76. | 1154/2022 | ജി.ഒ.(പി)നം.66/2022/എച്ച്&എഫ്.ഡബ്ല്യു.ഡി. | 27-11-2022 |
| 77. | 1230/2022 | ജി.ഒ.(പി)നം.74/2022/എച്ച്&എഫ്.ഡബ്ല്യു.ഡി. | 18-12-2022 |
| 78. | 502/2023 | ജി.ഒ.(പി)നം.24/2023/എച്ച്&എഫ്.ഡബ്ല്യു.ഡി. | 26-3-2023 |
| 79. | 660/2023 | ജി.ഒ.(പി)നം.48/2023/എച്ച്&എഫ്.ഡബ്ല്യു.ഡി. | 18-5-2023 |
| 80. | 1400/2023 | ജി.ഒ.(പി)നം.87/2023/എച്ച്&എഫ്.ഡബ്ല്യു.ഡി. | 13-12-2023 |

ii) ചട്ടം 166(ബി) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| (1) | (2) | (3) | (4) |
| 1. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്(ഐ.എം.ജി.) | 2022-2023 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 2. | ജസ്റ്റിസ്(റിട്ട) സി. എൻ. രാമചന്ദ്രൻ നായർ അന്വേഷണ കമ്മീഷൻ (പോലീസ് വകുപ്പിന്റെ പർച്ചേസുകൾക്കും സേവന കരാറുകൾക്കും പ്രത്യേകം മാനദണ്ഡങ്ങളും ചട്ടങ്ങളും രൂപീകരിക്കേണ്ട വിഷയം സംബന്ധിച്ച്) | 2023 | അന്വേഷണ കമ്മീഷൻ റിപ്പോർട്ടും ആക്ഷൻ ടേക്കൺ മെമ്മോറാണ്ടവും |
| 3. | കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 4. | കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2022-2023 | സി& എജി യുടെ 2023 മാർച്ചിൽ അവസാനിക്കുന്ന വർഷത്തെ അനുവർത്തന (സിവിൽ) ഓഡിറ്റ് റിപ്പോർട്ട്(2025-ലെ അഞ്ചാം റിപ്പോർട്ട്) |
| 5. | കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2023-2024 | 2024 മാർച്ചിൽ അവസാനിച്ച വർഷത്തെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ കുറിച്ചുള്ള സി & എജി ഓഡിറ്റ് റിപ്പോർട്ട് |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 6. | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(കിഫ്ബി) | 2024-2025 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 7. | കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2025 | കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 'ജി.എസ്.ടി.- ക്ക കീഴിലുള്ള ഇ-വേ ബിൽ' സംവിധാനത്തിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് (2025 -ലെ രണ്ടാമത് റിപ്പോർട്ട്) |
| 8. | കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2025 | ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം-കേരളയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് ( 2025-ലെ നാലാമത് റിപ്പോർട്ട്) |
| 9. | കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി(ജലനിധി) | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 10. | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 11. | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി | 2024-2025 | ഓഡിറ്റ് റിപ്പോർട്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| 12. | കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2022-2023 | വാർഷിക റിപ്പോർട്ട് |
| 13. | കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 14. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2013-2014 | വാർഷിക റിപ്പോർട്ട് |
| 15. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2014-2015 | വാർഷിക റിപ്പോർട്ട് |
| 16. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2015-2016 | വാർഷിക റിപ്പോർട്ട് |
| 17. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2016-2017 | വാർഷിക റിപ്പോർട്ട് |
| 18. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2017-2018 | വാർഷിക റിപ്പോർട്ട് |
| 19. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2018-2019 | വാർഷിക റിപ്പോർട്ട് |
| 20. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2019-2020 | വാർഷിക റിപ്പോർട്ട് |
| 21. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2020-2021 | വാർഷിക റിപ്പോർട്ട് |
| 22. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2021-2022 | വാർഷിക റിപ്പോർട്ട് |
| 23. | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | 2022-2023 | വാർഷിക റിപ്പോർട്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| 24. | കാലിക്കറ്റ് സർവ്വകലാശാല | 2021-2022 | ഓഡിറ്റ് റിപ്പോർട്ട് |
| 25. | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-2019 | വാർഷിക റിപ്പോർട്ട് |
| 26. | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-2020 | വാർഷിക റിപ്പോർട്ട് |
| 27. | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-2021 | വാർഷിക റിപ്പോർട്ട് |
| 28. | കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 29. | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2021-2022 | വാർഷിക റിപ്പോർട്ട് |
| 30. | കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 31. | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2023-2024 | വാർഷിക റിപ്പോർട്ട് |
| 32. | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 33. | കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല | 2019-2020 | ഓഡിറ്റ് റിപ്പോർട്ട് |
| 34. | കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല | 2020-2021 | ഓഡിറ്റ് റിപ്പോർട്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| 35. | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 36. | കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി | 2022-2023 | ഓഡിറ്റ് റിപ്പോർട്ട് |
| 37. | കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി | 2023-2024 | ഓഡിറ്റ് റിപ്പോർട്ട് |

iii) ചട്ടം 47 (2) പ്രകാരമുള്ള കടലാസുകൾ :

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| 14 | 13 | 774 |
| | 15 | 1616 |
| | 16 | 5185 |
| 15 | 5 | 4089 |
| | 11 | 456 |
| | 12 | 886,891 |
| | 13 | 1175, 2435, 3153, 3164, 3885, 4233, 5704 |

റിപ്പോർട്ടുകളുടെ സമർപ്പണം:

i) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

ii) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിച്ചു.

iii) പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ പതിനഞ്ച്, പതിനാറ് റിപ്പോർട്ടുകൾ സമർപ്പിച്ചു.

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം :

പതിനാലാം സമ്മേളന കാലയളവിൽ സഭയിൽ ഹാജരാകാതിരിയ്ക്കുന്നതിന് ചട്ടം 170(1) അനുസരിച്ച് ഡോ. എം. കെ. മുനീർ സമർപ്പിച്ചിരുന്ന അപേക്ഷ സ്പീക്കർ സഭയിൽ വായിച്ചു. ഡോ. എം. കെ. മുനീറിന് നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് സഭ അനുവാദം നൽകി.

കാര്യോപദേശക സമിതി റിപ്പോർട്ട് ഭേദഗതി

തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് 2025 സെപ്റ്റംബർ 30-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിൻമേൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച ഉപക്ഷേപം അവതരിപ്പിക്കുകയും. ഉപക്ഷേപം സഭ അംഗീകരിക്കുകയും ചെയ്തു.

നിയമനിർമ്മാണകാര്യം :

1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:

i) 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. യു. ആർ. പ്രദീപ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതിയും ശ്രീ. എം. വിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതിയും അവതരിപ്പിച്ചു സംസാരിച്ചു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു:

രണ്ടാം വകുപ്പ്

i) പ്രധാന ആക്റ്റിന് പകരം ചേർക്കാനുദ്ദേശിക്കുന്ന 9-ാം വകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ Section 4(1)(d) "എന്ന വാക്കിനും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും അക്ഷരത്തിനും പകരം clause (d) of sub-section (1) of section 4" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നവും ബ്രാക്കറ്റുകളും അക്ഷരവും ചേർക്കേണ്ടതാണ്.

ഒന്നാം വകുപ്പും പീഠികയും പേരും

i) (2)(i)-ൽ "Section 2 shall deemed to come into"എന്ന വാക്കുകൾക്കും അക്കത്തിനും പകരം "section 2 shall be deemed to have come into" എന്നീ വാക്കുകളും അക്കവും ചേർക്കേണ്ടതാണ്.

ii) 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ

മുഖ്യമന്ത്രിക്ക് വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. വി. കെ. പ്രശാന്ത് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. സി. എച്ച്. കുഞ്ഞമ്പു സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ ഭേദഗതിയും ശ്രീ. സി. കെ. ആശ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2ബി ഭേദഗതിയും അവതരിപ്പിച്ചു സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

ഏഴാം വകുപ്പ്

i) ഖണ്ഡം 7(1)(vi)-ൽ "നിന്നുള്ള" എന്നതിന് പകരം "നിന്നും" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

i) ഖണ്ഡം 9(2)(i)-ൽ "വസ്തുവിന്റെയും കടമെടുത്തയാളിന്റെയും കുടുംബത്തിന്റെയും പേരിൽ മറ്റു വസ്തുവകകൾ ഉണ്ടെങ്കിൽ അവയുടെയും," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "വസ്തുവിന്റെ" എന്ന് ചേർക്കുക.

പതിനഞ്ചാം വകുപ്പ്

i) ഖണ്ഡം 15(1)-ലെ "ലഭിച്ചാലുടൻ, പരമാവധി അത്" എന്നത് ഒഴിവാക്കുക.

ii) ഖണ്ഡം 15(3)(i)-ൽ "തിരിച്ചടവ്" എന്നതിന് ശേഷം "തുക" എന്ന് ചേർക്കുക.

ഇരുപതാം വകുപ്പ്

i) ഖണ്ഡം 20-ൽ "ക്വാറം" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

i) ഖണ്ഡം 21(1)-ൽ "രേഖാമൂലമുള്ള " എന്നതിന് ശേഷം "അറിയിപ്പ്" എന്ന് ചേർക്കുക.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

i) ഖണ്ഡം 22(4)-ൽ "സംരക്ഷണ സമിതിയുടെ" എന്നതിന് ശേഷം "മുൻ സാമ്പത്തിക വർഷത്തെ" എന്ന് ചേർക്കുക.

<u>അംഗങ്ങൾക്കെതിരെയുള്ള ശിക്ഷാനടപടി</u>

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററി കാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു:

2025 ഒക്ടോബർ 6-ന് സഭാസമ്മേളനം പുനരാരംഭിച്ചതുമുതൽ പ്രതിപക്ഷാംഗങ്ങൾ സഭാ നടപടികൾ തടസ്സപ്പെടുത്തുകയും സഭാ മര്യാദകൾ നിരന്തരം ലംഘിക്കുകയും ചെയ്തുകൊണ്ട് സഭയ്ക്കകത്ത് ആകെ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാണ്. സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള അന്തരീക്ഷം സൃഷ്ടിക്കാനായി ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ച യോഗംപോലും ബഹിഷ്കരിക്കുന്ന അസാധാരണ സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചത്. അതിന്റെ ഭാഗമായി കഴിഞ്ഞ ദിവസം വനിതകളടങ്ങുന്ന സുരക്ഷാജീവനക്കാരെ കൈയേറ്റം ചെയ്യുകയും ശാരീരികമായി ഉപദ്രവിക്കുകയും ചെയ്യുകയുണ്ടായി. സഭയുടെ സുഗമമായ നടത്തിപ്പിന് തുടർച്ചയായി തടസ്സം സൃഷ്ടിക്കുകയും ചെയറിന്റെ മുഖം മറയ്ക്കുന്ന തരത്തിൽ ബാനറുകൾ പ്രദർശിപ്പിക്കുകയും ചെയറിന്റെ നിർദേശങ്ങൾ അവഗണിച്ചുകൊണ്ട് സഭയുടെ അന്തസ്സിന് നിരക്കാത്തതും പ്രകോപനപരമായതുമായ മുദ്രാവാക്യങ്ങൾ മുഴക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുനേരെ പാഞ്ഞടുക്കുകയും ചെയ്തു. തുടർച്ചയായി നടത്തിവരുന്ന അക്രമ പരമ്പരയുടെ ഭാഗമായി ഇന്ന് സഭാ നടപടികൾ ആരംഭിച്ചതുമുതൽ പ്രതിപക്ഷാംഗങ്ങൾ കൂടുതൽ പ്രകോപിതരായി ചെയറിനുനേരെ ആക്ഷേപാംഗ്യങ്ങൾ കാണിക്കുകയും സഭയെ ഒന്നാകെ പരിഹസിക്കുകയും ചട്ടപ്രകാരം മാത്രം സഭയിൽ പ്രവർത്തിപ്പിക്കേണ്ട Bell പലതവണ അനധികൃതമായി പ്രവർത്തിപ്പിക്കുകയും മുദ്രാവാക്യം മുഴക്കുകയും ചെയ്തതിനുശേഷം ചെയറിന്റെ ഡയസിലേക്ക് അതിക്രമിച്ച് കയറാൻ ശ്രമിക്കുകയും അത് തടയാൻ ശ്രമിച്ച സുരക്ഷാജീവനക്കാരെ ശാരീരികമായി ആക്രമിക്കുകയും ചെയ്തിരിക്കുന്നു. തൽഫലമായി നിയമസഭാ ചീഫ് മാർഷൽ ശ്രീ. ഷിബുവിന്റെ വലതുകൈയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരിക്കുകയാണ്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച അദ്ദേഹത്തിന് ശസ്ത്രക്രിയ ആവശ്യമാണെന്നാണ് ഡോക്ടർമാർ നിർദേശിച്ചിട്ടുള്ളത്. പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടായ കടുത്ത അച്ചടക്കലംഘനത്തെ ഈ സഭ ശക്തമായി അപലപിക്കുന്നു. ഇപ്രകാരം സഭാ ചട്ടങ്ങളും നടപടിക്രമങ്ങളും കീഴ്വഴക്കവും ചെയറിന്റെ നിർദേശങ്ങളും ലംഘിച്ചുകൊണ്ട് സഭയുടെ സുരക്ഷാ ചുമതലയുള്ള ചീഫ് മാർഷലിനെ ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തതുമൂലം ശ്രീ. റോജി എം. ജോൺ, ശ്രീ. എം. വിൻസെന്റ്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ

നിയമസഭാംഗങ്ങൾ സഭയുടെയും സഭാധ്യക്ഷന്റെയും പ്രത്യേക അവകാശങ്ങൾ ലംഘിച്ചതായി ഈ സഭ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ശ്രീ. റോജി എം. ജോൺ, ശ്രീ. എം. വിൻസെന്റ്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ നിയമസഭാംഗങ്ങളെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിൽ അനുബന്ധം II ആയി ചേർത്തിട്ടുള്ള പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 53 (എഫ്) പ്രകാരം സഭയുടെ നടപ്പുസഭാസമ്മേളനത്തിന്റെ ശേഷിക്കുന്ന കാലയളവിൽ സഭാംഗത്വത്തിൽനിന്നും സസ്പെൻഡ് ചെയ്യാൻ ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>നിയമനിർമ്മാണകാര്യം(തുടർച്ച)</u>

iii) <u>2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ</u>

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഡോ. സുജിത് വിജയൻപിള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതിയും ശ്രീ. വി. ആർ. സുനിൽകുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. ചന്ദ്രശേഖരൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

<u>മൂന്നാം വകുപ്പ്</u>

i) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "നിയമ പഠനത്തിനുള്ള" എന്നതിന് പകരം "നിയമപഠനത്തിനുള്ള" എന്ന് ചേർക്കുക.

(iv) <u>2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ്

ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. കെ. എം. സച്ചിൻദേവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ ഭേദഗതിയും ശ്രീ. ടി. ഐ. മധുസൂദനൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2ബി ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാക്കുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

<u>നാലാം വകുപ്പ്</u>

i) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഎ)-ൽ "ആക്റ്റിന്റെ" എന്നതിന് ശേഷം "(2019-ലെ 16)" എന്ന് ചേർക്കുക.

ii) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ഐബി)-ൽ "വകുപ്പ്" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

iii) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്നവകുപ്പ് 2(ഐസി)-ൽ "വകുപ്പ്" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

v) <u>2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. പി. എസ്. സുപാൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ ഭേദഗതിയും ശ്രീ. മുരളി പെരുനെല്ലി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2ബി ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാക്കുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

i) ഖണ്ഡം 2 (എ) ൽ "സൂക്ഷിക്കേണ്ടതാണ്" എന്നതിന് പകരം "സൂക്ഷിക്കുന്നതിനായി സാക്ഷ്യപത്രം അനുവദിക്കുന്ന അധികാരസ്ഥാനം നിർണ്ണയിക്കപ്പെടുന്ന പ്രകാരം ലഭ്യമാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ii) ഖണ്ഡം 2(ബി)-ൽ "വകുപ്പിന്റെ ആഭിമുഖ്യത്തിൽ" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

<u>നാലാം വകുപ്പ്</u>

i) ഖണ്ഡം 4(1)-ൽ "ഉടമസ്ഥവകാശ" എന്നതിന് പകരം "ഉടമസ്ഥാവകാശ" എന്ന് ചേർക്കുക.

ii) ഖണ്ഡം 4(3)-ൽ "പരിഹരിച്ച" എന്നതിന് പകരം "തീർപ്പാക്കിയ" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

i) ഖണ്ഡം 5-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "കേസോ" എന്നതിന് പകരം "വ്യവഹാരമോ" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

i) ഖണ്ഡം 6-ന്റെ മാർജിനൽ ശീർഷകത്തിൽ "അധികാരികതയ്ക്ക്" എന്നതിന് പകരം "അധികാരിതയ്ക്ക്" എന്ന് ചേർക്കുക.

ii) ഖണ്ഡം 6-ൽ "അധികാരികത" എന്നതിന് പകരം "അധികാരിത" എന്ന് ചേർക്കുക.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

i) ഖണ്ഡം 1(1)-ൽ "ക്രമവത്ക്കരണവും" എന്നതിന് പകരം "ക്രമവൽക്കരണവും" എന്ന് ചേർക്കുക.

vi) <u>2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ</u>

മുഖ്യമന്ത്രിക്ക് വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. കെ. ആൻസലൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന

1 എ ഭേദഗതിയും ഡോ. കെ. ടി. ജലീൽ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതിയും അവതരിപ്പിച്ചു സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

i) ഖണ്ഡം 2-ൽ "സർവ്വകലാശാലാ" എന്നതിന് പകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

ii) ഖണ്ഡം 2-ൽ "ആക്റ്റിലെ" എന്നതിന് ശേഷം "(2021-ലെ 10)" എന്ന് ചേർക്കുക.

iii) ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(3)(എ)-ൽ "വിവര സാങ്കേതികവിദ്യയും" എന്നതിന് പകരം "വിവരസാങ്കേതികവിദ്യയും" എന്ന് ചേർക്കുക.

iv) ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(3)(സി)-ൽ "വിവര സാങ്കേതികവിദ്യയും" എന്നതിന് പകരം "വിവരസാങ്കേതികവിദ്യയും" എന്ന് ചേർക്കുക.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

i) പീഠികയിൽ "(2021-ലെ 10)" എന്നത് ഒഴിവാക്കുക.

<u>vii) 2025-ലെ മലയാളഭാഷാ ബിൽ</u>

മുഖ്യമന്ത്രിക്ക് വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ മലയാളഭാഷാ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. പി. നന്ദകുമാർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ മലയാളഭാഷാ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതിയും ശ്രീമതി യു. പ്രതിഭ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതിയും അവതരിപ്പിച്ചു സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

i) ഖണ്ഡം 2(ഡി)-ൽ "ന്യൂനപക്ഷഭാഷാപ്രദേശമായി" എന്നതിന് പകരം "ഭാഷാന്യൂനപക്ഷപ്രദേശമായി" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

i) ഖണ്ഡം 7(1)-ൽ "ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള" എന്നതിന് പകരം "സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള" എന്ന് ചേർക്കുക.

<u>പതിനൊന്നാം വകുപ്പ്</u>

i) ഖണ്ഡം 11(1)-ൽ "വിവരസാങ്കേതികവകുപ്പ്" എന്നതിന് പകരം "വിവരസാങ്കേതിക വിദ്യാ വകുപ്പ്" എന്ന് ചേർക്കുക.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

i) പീഠികയിൽ "മലയാളഭാഷയുടെ ഉപയോഗം" എന്നതിന് പകരം "മലയാളഭാഷയുടെ പ്രയോഗം" എന്ന് ചേർക്കുക.

viii) <u>The University Laws (Amendment) (No.3) Bill. 2025, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ</u>

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള The University Laws (Amendment) (No. 3) Bill, 2025, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള The University Laws (Amendment) (No. 3) Bill, 2025 പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതിയും ശ്രീ. എം. നൗഷാദ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതിയും ശ്രീമതി ദലീമ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള The University Laws

(Amendment) (No.3) Bill, 2025, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ The University Laws (Amendment) (No. 3) Bill, 2025 സഭ പാസ്സാക്കുകയും 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബില്ലിൻമേൽ അവതരിപ്പിച്ച ഭേദഗതികൾ തള്ളുകയും ഭേദഗതി ബിൽ കൂടാതെ ബിൽ സഭ പാസ്സാക്കുകയും ചെയ്തു.

i) The University Laws (Amendment) (No. 3) Bill, 2025

രണ്ടാം വകുപ്പ്

i) In the marginal heading of section 16A proposed to be inserted in the Kerala Agricultural University Act, 1971 by Clause 2 for the word "Meetings" the word "Meeting" shall be substituted.

എട്ടാം വകുപ്പ്

i) In the marginal heading of section 26A proposed to be inserted in the Kerala Veterinary and Animal Sciences University Act, 2010 by Clause (8)(ii) after the words " Meeting of" the word " the" shall be inserted.

ii) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

അവതരിപ്പിച്ച ഭേദഗതികൾ തള്ളുകയും ഭേദഗതി കൂടാതെ ബിൽ സഭ പാസ്സാക്കുകയും ചെയ്തു

ix) 2025-ലെ കേരള പൊതു സേവനാവകാശ ബിൽ

മുഖ്യമന്ത്രിക്ക് വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പൊതു സേവനാവകാശ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ച ശ്രീ. കടകംപള്ളി സുരേന്ദ്രൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പൊതു സേവനാവകാശ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ ഭേദഗതിയും ശ്രീ. ഇ. കെ. വിജയൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2ബി ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

i) ഖണ്ഡം 2(ബി)-ൽ "പ്രവർത്തിദിവസങ്ങൾ" എന്നതിന് പകരം "പ്രവൃത്തി ദിവസങ്ങൾ" എന്ന് ചേർക്കുക.

ii) ഖണ്ഡം 2(ഇ)-ൽ "ഇലക്ട്രേണിക്" എന്നതിന് പകരം "ഇലക്ട്രോണിക്" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

i) ഖണ്ഡം 3-ൽ "ഓരോ അർഹതയുള്ള" എന്നതിന് പകരം "അർഹതയുള്ള ഓരോ" എന്ന് ചേർക്കുക.

<u>നാലാം വകുപ്പ്</u>

i) ഖണ്ഡം 4(1)-ൽ "ചെയ്യുന്ന സേവനങ്ങൾ" എന്നതിന് പകരം "ചെയ്യുന്ന പൊതുസേവനങ്ങൾ, പ്രത്യേക പൊതുസേവനങ്ങൾ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

i) ഖണ്ഡം 5(3)-ൽ "അപേക്ഷകളുടെ വിശദമായ രേഖകൾ" എന്നതിന് പകരം "അപേക്ഷകളും അനുബന്ധ രേഖകളും" എന്ന് ചേർക്കുക.

ii) ഖണ്ഡം 5(5) -ൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യേണ്ടതുമാണ് " എന്ന് ചേർക്കുക.

iii) ഖണ്ഡം 5(6)-ൽ "വ്യവസ്ഥകൾ" എന്നതിന് പകരം "സംവിധാനം" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

i) ഖണ്ഡം 6(2)-ൽ "ആ" എന്നതിന് പകരം "പ്രസ്തുത" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

i) ഖണ്ഡം 7(1)-ൽ "അപര്യാപ്തതയുള്ള സേവനം ലഭിച്ച തീയതി മുതലോ," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "5-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം സേവനം ലഭ്യമായിട്ടില്ലാത്തപക്ഷമോ", എന്ന വാക്കുകളും അക്കവും ബ്രാക്കറ്റും ചിഹ്നവും ചേർക്കുക.

ii) വകുപ്പ് 7(2)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരമുള്ള" എന്നതിന് പകരം "നിശ്ചിത" എന്ന് ചേർക്കുക.

പത്താം വകുപ്പ്

i) ഖണ്ഡം 10(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) കമ്മീഷൻ സംസ്ഥാന സർക്കാർ സെക്രട്ടറിയിൽ കുറയാത്ത പദവിയോ ഇതര സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ കുറഞ്ഞത് തത്തുല്യമായ പദവിയോ വഹിച്ചിരുന്ന ആളായിരിക്കേണ്ടതാണ്."

പതിനാലാം വകുപ്പ്

i) ഖണ്ഡം 14(2)(ix)-ൽ "മെച്ചപ്പെടുത്തുകയും" എന്നതിന് പകരം "മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും" എന്ന് ചേർക്കുക.

പതിനഞ്ചാം വകുപ്പ്

i) ഖണ്ഡം 15-ൽ "അതിന്റെ ഉത്തരവുകളും തീരുമാനങ്ങളും" എന്നതിന് പകരം "അവ" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

i) ഖണ്ഡം 16(സി)-ൽ "തെളിവ്" എന്നതിന് പകരം "തെളിവ" എന്ന് ചേർക്കുക.

2) 2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി 2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ ഇന്ന് പരിഗണിക്കുന്നതിലേയ്ക്കായി 2025 സെപ്റ്റംബർ 30-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് ഭാഗികമായി ഭേദഗതി ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം സഭ പാസ്സാക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5), 76(1) എന്നിവ താൽക്കാലികമായി സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ഉപക്ഷേപം പാസ്സാകുകയും. ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

രണ്ടാം വകുപ്പ്

i) In section 2(ca) proposed to be inserted in the principal Act by clause 2 after the word "follow" the word "agricultural" shall be inserted.

<u>മൂന്നാം വകുപ്പ്</u>

i) In section 3(2) proposed to be inserted in the principal Act by clause 3 for the words "the cattle race may" the words "cattle race shall" shall be substituted.

ii) In section 3(2) proposed to be inserted in the principal Act by clause 3 for the words "any persons or person in charge of the cattle used to conduct cattle race and subject to such other conditions as may be prescribed under section 38B by the State Government" the words "any person or persons in charge of cattle used for conducting cattle race and subject to such other conditions as may be prescribed by the State Government under section 38B of the Act" shall be substituted.

<u>നാലാം വകുപ്പ്</u>

i) In section 11(3)(f) proposed to be inserted in the principal Act by clause 4(ii) for the words "for protection of" the words "to protect the" shall be substituted.

<u>ആറാം വകുപ്പ്</u>

i) In section 27(c) proposed to be inserted in the principal Act by clause 6(ii) for the words "for protection of" the words "also their safety, security, wellbeing and protect the" shall be substituted.

<u>എട്ടാം വകുപ്പ്</u>

i) In section 38B(1) proposed to be inserted in the principal Act by clause 8 the words and symbol "if any," shall be omitted.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

i) In the preamble the symbols, words and figures "(Central Act 59 of 1960)" shall be omitted.

<u>അവകാശ ലംഘന പ്രശ്നങ്ങൾ</u> :

I <u>സഭ തീർപ്പാക്കിയ അവകാശലംഘന പ്രശ്നങ്ങൾ</u>

1. പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ നടപടികൾ നിർത്തിവയ്ക്കുന്ന എന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ചാവേളയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവന നടത്തിയ ബഹുമാനപ്പെട്ട

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയിൽ നിന്നും പ്രതികരണം ആരാഞ്ഞിരുന്നു. ആയതിൻപ്രകാരം ചർച്ചയ്ക്കിടെ മറുപടി പറയുമ്പോൾ ആനുഷംഗികമായി 13-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ അന്നത്തെ വകുപ്പുമന്ത്രി നൽകിയ 3204-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി പരാമർശിക്കുകയായിരുന്നുവെന്നും കൂടാതെ സാമ്പത്തിക സർവെയിലെ അച്ചടിപ്പിശക് മൂലം ഉണ്ടായ തെറ്റായ കണക്ക് ചൂണ്ടിക്കാട്ടുകയുമാണ് ഉണ്ടായത് എന്നും സൂചിപ്പിച്ചിരിക്കുന്നു. അതിനാൽ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നില്ലായെന്ന് വ്യക്തമായിരിക്കുന്നു. അതിനാൽ അവകാശ ലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

2. പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളന കാലയളവിൽ, 3-7-2024-ന് രാത്രി ശ്രീകാര്യം പോലീസ് സ്റ്റേഷന് മുന്നിൽ സമാധാനപരമായ പ്രതിഷേധ നടപടികളുമായി തുടർന്ന തനിക്കും കൂട്ടർക്കുമെതിരെ എസ്.എഫ്.ഐ. പ്രവർത്തകരുടെ ആക്രമണം ഉണ്ടായപ്പോൾ സംഭവസ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ ആക്രമണം തടയാൻ യാതൊരു ശ്രമവും നടത്താതെ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതും വസ്തുതകളെ വളച്ചൊടിച്ച് തനിക്കെതിരെ കേസെടുത്തതും നിയമസഭാംഗമെന്ന നിലയിൽ തനിക്ക് ലഭിക്കേണ്ട അവകാശങ്ങളുടെ ലംഘനമായി കണക്കാക്കി പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ചാണ്ടി ഉമ്മൻ, എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിൽ നിന്നും വിശദീകരണം ആരാഞ്ഞിരുന്നു. ഗുരുതരമായ ക്രമസമാധാന പ്രശ്നം നിലനിന്നിരുന്ന സ്ഥലത്തുണ്ടായിരുന്ന അംഗത്തിന് എതിർപാർട്ടിക്കാരിൽ നിന്നും ബുദ്ധിമുട്ടുണ്ടാകാതെ സംരക്ഷിക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നും, കെ.എസ്.യു. പ്രവർത്തകരുടെ അക്രമണത്തിൽ പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടത്തിൽ നിയമസഭാംഗങ്ങളെ പ്രതികളാക്കി FIR ഇട്ടതെന്നും തുടർപരിശോധനയിൽ അവർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ബോധ്യപ്പെട്ടതിനാൽ പ്രതിപ്പട്ടികയിൽ നിന്നും ഒഴിവാക്കിയെന്നും സൂചിപ്പിച്ചിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവകാശ ലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

3. 21-8-2024-ൽ വൈക്കത്ത് വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ അറസ്റ്റിലായ തൊഴിലാളികളെയും നേതാക്കളെയും ജാമ്യത്തിൽ എടുക്കുന്നതിനായി വൈക്കം പോലീസ് സ്റ്റേഷനിൽ എത്തിയ തന്നോട് നിയമസഭാംഗമെന്ന പരിഗണന പോലും നൽകാതെ അപമര്യാദയായി പെരുമാറിയ വൈക്കം എസ്.എച്ച്.ഒ. ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി. കെ. ആശ, എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിൽ നിന്നും വിശദീകരണം ആരാഞ്ഞിരുന്നു. വൈക്കം എം.എൽ.എ. യോടുള്ള എസ്.എച്ച്.ഒ. യുടെ പെരുമാറ്റം ജനപ്രതിനിധി എന്ന നിലയിലും നിയമസഭാ സാമാജിക എന്ന നിലയിലും പദവിയോടുള്ള അവഗണനയും അവഹേളനവുമാണെന്ന് വെളിവായിട്ടുണ്ട്. വൈക്കം എസ്.എച്ച്.ഒ. ആയിരുന്ന ശ്രീ. കെ. ജെ. തോമസിനെ 27-9-2024 തീയതിയായി ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിലേക്ക് സ്ഥലംമാറ്റിയതായി സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ ബഹു. അംഗത്തിന് വിശദമായ റിപ്പോർട്ട് നേരിട്ട് നൽകുന്നതിനായി എറണാകുളം മേഖല ഡി.ഐ.ജി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവകാശ ലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

II <u>അനുമതി നിഷേധിച്ച അവകാശ ലംഘന പ്രശ്നങ്ങൾ</u>

1. പതിനഞ്ചാം കേരള നിയമസഭയുടെ ഒമ്പതാമത് സമ്മേളനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നു എന്ന ഉപക്ഷേപത്തിന് 8-8-2023-ന് നടന്ന ചർച്ചയ്ക്കിടയിൽ "സപ്ലൈകോ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ 13 നിത്യോപയോഗ സാധനങ്ങൾ ഭൂരിഭാഗവും നിലവിലില്ല എന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു" എന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പരാമർശം തെറ്റാണെന്ന ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ പ്രസ്താവന വാസ്തവ വിരുദ്ധമാണെന്നും, ഇത്തരത്തിൽ തെറ്റിദ്ധാരണ പരത്തുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ പരാമർശം നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ ലംഘിക്കുന്നതാകയാൽ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. വിൻസെന്റ് എം.എൽ.എ. നോട്ടീസ് സമർപ്പിച്ചിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയിൽ നിന്നും പ്രതികരണം ആരാഞ്ഞിരുന്നു. സപ്ലൈകോ വില്പനശാലകളിലുള്ള അവശ്യവസ്തുക്കളിൽ

ചില ഇനങ്ങൾ ലഭ്യമല്ലെന്നും അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായുമാണ് ബഹു. മന്ത്രി പ്രസംഗത്തിൽ ഉന്നയിച്ചിരിക്കുന്നത്. ബഹു. മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശ ലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

2. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ, 16-9-2025-ൽ ശ്രീ. റോജി എം. ജോൺ, എം.എൽ.എ. അവതരിപ്പിച്ച, നടപടികൾ നിർത്തിവയ്ക്കുന്ന എന്ന ഉപക്ഷേപത്തിന്മേൽ നടന്ന ചർച്ചയിൽ മറുപടി പറയവേ 2016 മുതൽ ഇതുവരെ അച്ചടക്കനടപടിയുടെ ഭാഗമായി ഗുരുതര കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 144 പോലീസുകാരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു എന്ന് ബഹു. മുഖ്യമന്ത്രി സഭയിൽ പറയുകയുണ്ടായെന്നും ഇത് വസ്തുതകൾക്ക് നിരക്കാത്തതാണെന്നും, സഭയെ തെറ്റിദ്ധരിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെയാണ് ഇങ്ങനെ പറഞ്ഞത് എന്ന കാരണത്താൽ ബഹു. മുഖ്യമന്ത്രിക്കെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിനു അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. മുഖ്യമന്ത്രിയിൽ നിന്നും പ്രതികരണം ആരാഞ്ഞിരുന്നു. 25-5-2016 മുതൽ 18-9-2025 വരെ ഗുരുതരമായ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട 82 പോലീസ് ഉദ്യോഗസ്ഥരെയും ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിൽ ഉൾപ്പെട്ട 62 പോലീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടെ 144 പേരെ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും അനധികൃതമായി ദീർഘകാലം ഡ്യൂട്ടിയിൽ നിന്നും വിട്ടുനിന്നതിനെ തുടർന്ന് 236 പോലീസുകാരെയും പിരിച്ചുവിട്ടിട്ടുണ്ടെന്നും പിരിച്ചുവിടപ്പെടുന്ന ഉദ്യോഗസ്ഥരെ ബഹു. കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഉത്തരവ് പ്രകാരമോ അപ്പീൽ അധികാരികളുടെ ഉത്തരവ് അനുസരിച്ചോ തിരികെ സർവീസിൽ പ്രവേശിപ്പിക്കാറുണ്ടെന്നും നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇപ്രകാരം തീരുമാനമെടുക്കുന്നതെന്നും സഭയിൽ നടത്തിയ പരാമർശം വസ്തുതാപരമാണെന്നും അതിൽ യാതൊരു അവകാശലംഘന പ്രശ്നവും ഉദിക്കുന്നില്ല എന്ന വിവരം ബഹു. മുഖ്യമന്ത്രി അറിയിച്ചിരിക്കുന്നു. ബഹു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശ ലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

തുടർന്ന്, സഭ അനിശ്ചിതകാലത്തേക്ക് പിരിയണമെന്ന ഉപക്ഷേപം മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ - എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ അവലോകനം നടത്തി.

ഉച്ചയ്ക്കുശേഷം 5.55-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Fourteenth Session

# BULLETIN – PART I

(Brief Record of Proceedings)

*Thursday, October 9, 2025.*

**No. 191**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

[As soon as the Question Hour began, Members of the Opposition started shouting slogans and attempted to disrupt the proceedings of the House]

*Calling Attention* :

1. Shri Thomas K. Thomas called the attention of the Minister for Public Works and Tourism to the commuting of unregistered Houseboats operating in Vembanad Lake and the environmental problems caused by the improper disposal of sewage from Houseboats. The Minister for Health, Woman and Child Development made a statement thereto on behalf of the Minister for Public Works and Tourism.

[The Speaker announced that further proceedings of the Calling Attention were temporarily suspended due to uproar by the Opposition.]

(The proceedings of the House resumed, and the Opposition members continued their protest.)

(As a mark of protest against the stand taken, Members of the Opposition parties shouted slogans in the House and subsequently boycotted the further proceedings of the House)

(The Second notice listed in the List of Business was not moved.)

*Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. ജോബ് മൈക്കിൾ | ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് കോടതി | മുഖ്യമന്ത്രിക്ക് വേണ്ടി തുറമുഖ - സഹകരണ - ദേവസ്വം വകുപ്പമന്ത്രി |
| 2. | ശ്രീ. കെ . വി. സുമേഷ് | കല്ലരിക്കടവ് പാലം നിർമ്മാണം | ധനകാര്യ വകുപ്പമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ - എക്സൈസ്- പാർലമെന്ററികാര്യ വകുപ്പമന്ത്രി |
| 3. | ശ്രീ. കെ. പി. മോഹനൻ | പാനൂർ താലൂക്ക് ആശുപത്രിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി | റവന്യൂ- ഭവനനിർമ്മാണ വകുപ്പമന്ത്രി |
